©

Government of Kerala
കേരള സർക്കാർ
2010

Reg. No. രജി. നമ്പർ
KL/TV(N)/12/2009-2011

# KERALA GAZETTE
# കേരള ഗസററ്
## EXTRAORDINARY
അസാധാരണം
## PUBLISHED BY AUTHORITY
ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

| | | | | |
|---|---|---|---|---|
| Vol. LV<br>വാല്യം 55 | Thiruvananthapuram, Wednesday<br>തിരുവനന്തപുരം, ബുധൻ | 4th August 2010<br>2010 ആഗസ്റ്റ് 4<br>13th Sravana 1932<br>1932 ശ്രാവണം 13 | No.<br>നമ്പർ | 1786 |


# കേരള സർക്കാർ

തൊഴിലും പുനരധിവാസവും (ഇ) വകുപ്പ്

## വിജ്ഞാപനം

ജി. ഒ. (എംഎസ്.) നമ്പർ 87/2010/തൊഴിൽ. *തിരുവനന്തപുരം, 2010 ആഗസ്റ്റ് 4.*

**എസ്. ആർ. ഒ. നമ്പർ 766/2010.**—1948-ലെ മിനിമം വേജസ് ആക്റ്റിലെ (1948-ലെ 11-ാം കേന്ദ്ര ആക്റ്റ്) 5-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രസ്തുത ആക്റ്റിലെ 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡവുമായി കൂട്ടിച്ചേർത്ത് വായിച്ച പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ടും 2003 ജൂൺ 17-ാം തീയതിയിലെ 1049-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 527/2003 ആയി പ്രസിദ്ധീകരിച്ച 2003 ജൂൺ 4-ാം തീയതിയിലെ ജി. ഒ. (ആർറ്റി.) 1505/2003/ തൊഴിൽ എന്ന നമ്പർ വിജ്ഞാപനത്തെ അതിലംഘിച്ചുകൊണ്ടും പ്രസ്തുത ആക്ടിലെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡപ്രകാരം 2009 മേയ് 29-ാം തീയതിയിലെ 961-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2009 മേയ് 23-ാം തീയതിയിലെ 18890/ഇ1/2008/തൊഴിൽ നമ്പരായി പ്രസിദ്ധീകരിച്ച പ്രാഥമിക വിജ്ഞാപനത്തിൻമേലുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും, മിനിമം വേജസ് ആക്ടിലെ 7-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട മിനിമം വേതന ഉപദേശക സമിതിയുടെ ഉപദേശവും പരിഗണിച്ചശേഷം കേരള സംസ്ഥാനത്തെ പാറ ഉടയ്ക്കൽ, പാറ പൊട്ടിയ്ക്കൽ, കെട്ടിട നിർമ്മാണം, റോഡ് നിർമ്മാണവും അറ്റകുറ്റപ്പണികളും എന്നീ മേഖലകളിൽ ജോലി ചെയ്യുന്ന

തൊഴിലാളികൾക്ക് നൽകേണ്ടതായ കുറഞ്ഞ കൂലി നിരക്കുകൾ ഇതോടൊപ്പം ചേർത്തിരിക്കുന്ന പട്ടികയിൽ വിവരിക്കുന്ന പ്രകാരം കേരള സർക്കാർ ഇതിനാൽ പുതുക്കി നിശ്ചയിക്കുന്നു. ഈ വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ പ്രസ്തുത നിരക്കുകൾ പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

## പട്ടിക

### I. റോഡ് നിർമ്മാണവും അറയുടെ അറ്റകുറ്റപ്പണികളും കെട്ടിട നിർമ്മാണ പ്രവൃത്തികളും

*ടൈം റേറ്റ്* *ദിവസവേതനം*

| ക്രമ നമ്പർ | ജോലി | അടിസ്ഥാന വേതനം (8 മണിക്കൂർ ജോലിക്ക്) (രൂപ) |
|---|---|---|
| (1) | (2) | (3) |
| 1 | ഇഷ്ടിക മേസ്തിരി | 305 |
| 2 | കരിങ്കല്ല് മേസ്തിരി | 315 |
| 3 | ചെങ്കല്ല് മേസ്തിരി | 305 |
| 4 | ചെങ്കല്ല് വെട്ട് | 282 |
| 5 | ഇഷ്ടിക വാർക്കൽ | 273 |
| 6 | മര ആശാരി | 282 |
| 7 | ഇരുമ്പ് പണിക്കാരൻ | 305 |
| 8 | യന്ത്രപ്പണിക്കാർ | 282 |
| 9 | പെയിന്റർ | 282 |
| 10 | തടിയറപ്പുകാരൻ | 291 |
| 11 | പ്ലംബർ | 282 |
| 12 | മരംമുറിയ്ക്കൽ | 291 |
| 13 | കടത്തുകാരൻ | 247 |
| 14 | അവിദഗ്ദ്ധ ജോലി (കഠിനമായ ജോലികൾ) | 258 |
| 15 | അവിദഗ്ദ്ധ ജോലി (സാധാരണ) | 236 |
| 16 (എ) | കോൺക്രീറ്റ് മേസ്തിരി | 340 |

| (1) | (2) | (3) |
|---|---|---|
| (ബി) | കോൺക്രീറ്റ് ജോലി (കമ്പി മുറിയ്ക്കൽ, കമ്പി വളയ്ക്കൽ, പലക/ഷീറ്റ് അടിയ്ക്കൽ, കമ്പി വിരിയ്ക്കൽ, കമ്പി കെട്ടൽ, മെറ്റൽ കോരൽ, കോൺക്രീറ്റ് മിശ്രിതം തയ്യാറാക്കൽ, കോൺക്രീറ്റ് ചെയ്യൽ എന്നീ ജോലികൾ) | 315 |
| (സി) | കോൺക്രീറ്റ് മെറ്റൽ, മണൽ, സിമന്റ് ചുമട്ടുജോലി, മണൽകോരൽ, മിശ്രിതം ചുമട്ട് ജോലി, വെള്ളം നിർത്താൻ ബണ്ട് വയ്ക്കൽ | 258 |
| (ഡി) | പൈൽ ഡ്രൈവിംഗ് | 340 |

II. **റോഡ് ടാറിംഗ് ജോലികൾ**

*ടൈം റേറ്റ്* *ദിവസവേതനം*

| *ക്രമ നമ്പർ* | *ജോലി* | *അടിസ്ഥാന വേതനം (8 മണിക്കൂർ ജോലിക്ക്) (രൂപ)* |
|---|---|---|
| (1) | (2) | (3) |
| (എ) | ഒന്നര ഇഞ്ച് കരിങ്കല്ല് മെറ്റൽസ് കോരുന്ന ജോലി | 315 |
| (ബി) | കരിങ്കല്ല് മെറ്റൽവിരി | 315 |
| (സി) | ടാർ, സ്പ്രേമാൻ | 320 |
| (ഡി) | സ്പ്രേ ചെയ്യാൻ ടാർ കൊടുക്കുന്ന ജോലി | 315 |
| (ഇ) | ഹീറ്റർമാൻ | 320 |
| (എഫ്) | കരിങ്കൽ മെറ്റൽ നിരത്തുന്ന ജോലി | 315 |
| (ജി) | പ്ലാന്റിലേക്ക് ടാർ കൊടുക്കൽ | 315 |
| (എച്ച്) | പെട്ടിവണ്ടിയിൽ നിന്നും മിശ്രിതം ഇറക്കൽ | 315 |
| (ഐ) | പ്ലാന്റിലേക്ക് മെറ്റൽ കൊടുക്കുന്ന ജോലി | 315 |
| (ജെ) | റാക്ക് പിടിക്കൽ | 258 |
| (കെ) | റോളർ വീൽ പിടിക്കൽ | 258 |
| (എൽ) | റോഡ് റോളർ ഡ്രൈവിംഗ് | 340 |
| (എം) | എല്ലാ അവിദഗ്ദ്ധ ജോലികളും | 258 |

## III. പാറപൊട്ടിക്കൽ, കരിങ്കല്ലുടയ്ക്കൽ ജോലികൾ

1. *ടൈം റേറ്റ്* — *ദിവസവേതനം*

| *ക്രമ നമ്പർ* | *ജോലി* | *അടിസ്ഥാന വേതനം (8 മണിക്കൂർ ജോലിക്ക്) (രൂപ)* |
|---|---|---|
| (എ) | ചുമട്ട് ജോലി | 258 |
| (ബി) | ചുമട്ട് ജോലിയുടെ സഹായ ജോലികൾ | 258 |
| (സി) | ലോറിയിലേക്കോ ബോട്ടിലേക്കോ മറ്റ് വാഹനങ്ങളിലേക്കോ വാഹനങ്ങളിൽ നിന്നോ ഉള്ള കയറ്റിറക്ക് ജോലി | 258 |

2. *പീസ് റേറ്റ്*

| *ക്രമ നമ്പർ* | *ജോലി* | | *അടിസ്ഥാന വേതനം* | *ഒരു ദിവസത്തെ അദ്ധ്വാന ഭാരം* |
|---|---|---|---|---|
| (എ) | പാറ വെടിവച്ചുപൊട്ടിക്കുന്നതിനും പാറ തുളയ്ക്കുന്നതിനും | ഓരോ 30.5 സെ. മീ. നീളമുള്ള ദ്വാരത്തിനും | 51 രൂപ | 6 ദ്വാരങ്ങൾ |
| (ബി) | പാറ ചുറ്റിക ഉപയോഗിച്ച് പൊട്ടിക്കുന്നതിന് | ഓരോ 28.3 ക്യൂബിക് ഡെസി മീറ്റർ പാറ കക്ഷണത്തിനും | 151 രൂപ | 2.25 കക്ഷണങ്ങൾ |
| (സി) | കടുപ്പമുള്ള പാറ കൂടം (വലിയ, ഘനമുള്ള ചുറ്റിക) ഉപയോഗിച്ച് പൊട്ടിക്കുന്നതിന് | ഓരോ 28.3 ക്യൂബിക് ഡെസി മീറ്റർ പാറ കക്ഷണത്തിനും | 167 രൂപ | 2.25കക്ഷണങ്ങൾ |

(ഡി) പാറ മെറ്റലായി ഉടയ്ക്കുന്നതിന്:

| *ക്രമ നമ്പർ* | മില്ലീ മീറ്റർ സൈസിന് | *ഓരോ 28.34 ക്യൂബിക് ഡെസി. മീ. അളവിനും (രൂപ)* | *ഒരു ദിവസത്തെ അദ്ധ്വാന ഭാരം (അളവ്)* |
|---|---|---|---|
| (1) | (2) | (3) | (4) |
| (i) | 12.07 | 40.75 | 6.5 |
| (ii) | 19.05 | 30.25 | 8.5 |
| (iii) | 38.1 | 16.75 | 15.5 |
| (iv) | 50.8 | 15.00 | 17.5 |
| (v) | 63.5 | 9.25 | 28 |
| (vi) | 72.2 മി.മീ. മുതൽ 152.4 മി. മീ. വരെ | 3.25 | 79.5 |

കുറിപ്പ്:— മെറ്റലായി ഉടയ്ക്കുന്നതിനുള്ള പാറക്കഷണങ്ങൾ ജോലി സ്ഥലത്ത് തൊഴിലുടമ നൽകേണ്ടതാണ്.

**ക്ഷാമബത്ത.**—മേൽവിവരിച്ച അടിസ്ഥാന വേതനത്തിനുപുറമേ എല്ലാ വിഭാഗം തൊഴിലാളികൾക്കും കേരള സർക്കാരിന്റെ എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ജില്ലാ കേന്ദ്രങ്ങൾക്കുവേണ്ടി ഓരോ മാസവും പ്രസിദ്ധീകരിക്കുന്ന 1998-99=100 എന്ന പുതിയ ഉപഭോക്തൃ വിലസൂചികയിലെ 150 പോയിന്റിനുമുകളിൽ വർദ്ധിക്കുന്ന ഓരോ പോയിന്റിനും പ്രതിദിനം 85 പൈസ നിരക്കിൽ ക്ഷാമബത്ത നൽകേണ്ടതാണ്.

ഇടുക്കി, വയനാട് ജില്ലാ കേന്ദ്രങ്ങൾക്കുവേണ്ടി ഉപഭോക്തൃ വില സൂചിക പ്രസിദ്ധീകരിക്കുന്നില്ല എന്നതിനാൽ മൂന്നാർ കേന്ദ്രത്തിനുവേണ്ടി പ്രസിദ്ധീകരിക്കുന്ന സൂചിക അടിസ്ഥാനമാക്കി ഇടുക്കി ജില്ലയിലും മേപ്പാടി കേന്ദ്രത്തിലെ സൂചിക അടിസ്ഥാനമാക്കി വയനാട് ജില്ലയിലും ക്ഷാമബത്ത നൽകേണ്ടതാണ്.

പീസ്റേറ്റുകാർക്ക് പട്ടികയിൽ നിശ്ചയിച്ച ജോലി ഭാരം പൂർത്തിയാക്കുന്നവർക്കാണ് ക്ഷാമബത്തയ്ക്ക് അർഹത. ആഴ്ചയിൽ 6 ദിവസത്തെ മൊത്തം ജോലിക്കനുസൃതമായി പരമാവധി 6 ഡി. എ. എന്ന തോതിൽ ക്ഷാമബത്ത നൽകേണ്ടതാണ്. ഒരുദിവസത്തെ നിശ്ചിത ജോലി ഭാരം പൂർത്തിയാക്കുന്നതിനാവശ്യമായ ജോലി ലഭ്യമാക്കുന്നതിന് തൊഴിലുടമയ്ക്ക് കഴിയാത്തപക്ഷം അദ്ധ്വാനഭാരം കണക്കിലെടുക്കാതെ പ്രസ്തുത ദിവസത്തെ പൂർണ്ണ ക്ഷാമബത്ത നൽകേണ്ടതാണ്.

**മാസവേതനം.**—ഈ പട്ടികയിൽ ദിവസവേതനം നിശ്ചയിച്ചിട്ടുള്ള ഏതെങ്കിലും തൊഴിലാളിക്ക് മാസവേതനം കണക്കാക്കേണ്ടി വരികയാണെങ്കിൽ അടിസ്ഥാന വേതനവും ക്ഷാമബത്തയും 26 കൊണ്ട് ഗുണിച്ചു കണക്കാക്കേണ്ടതാണ്.

**മറ്റ് ആനുകൂല്യങ്ങൾ.**—ഹിൽ ട്രാക്റ്റ്സിനു അധിക വേതനം: സർക്കാർ ജീവനക്കാർക്ക് ബാധകമായിട്ടുള്ള കേരള സർവ്വീസ് ചട്ടങ്ങളിൽ 'ഹിൽ ട്രാക്റ്റ്സ്' എന്നു വിവരിച്ചിട്ടുള്ള പ്രദേശങ്ങളിൽ ജോലിചെയ്യുന്ന എല്ലാ വിഭാഗം തൊഴിലാളികൾക്കും മൊത്തം ദിവസവേതനത്തിന്റെ 15 ശതമാനം വരുന്ന തുക അധികമായി പ്രത്യേക ഹിൽ ട്രാക്റ്റ് അലവൻസായി നൽകേണ്ടതാണ്.

ഈ മേഖലയിൽ എവിടെയെങ്കിലും തൊഴിലാളികൾക്ക് മേൽപ്പറഞ്ഞ അടിസ്ഥാന കൂലിയിലും ക്ഷാമബത്തയിലും നിന്നും ഉയർന്ന അടിസ്ഥാന കൂലിയും ക്ഷാമബത്തയും ലഭിക്കുന്നുണ്ടെങ്കിൽ അപ്രകാരം ഉയർന്ന അടിസ്ഥാന കൂലിയും ക്ഷാമബത്തയും തുടർന്നും നൽകേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

കെ. ബി. വത്സല കുമാരി,
*ഗവൺമെന്റ് സെക്രട്ടറി.*

33/3121

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാകുന്നു.)

കേരള സംസ്ഥാനത്തെ പാറ ഉടയ്ക്കൽ, പാറ പൊട്ടിക്കൽ, റോഡ് നിർമ്മാണവും അറ്റകുറ്റപ്പണികളും, കെട്ടിട നിർമ്മാണം എന്നീ മേഖലകളിലെ തൊഴിലാളികളുടെ കുറഞ്ഞ കൂലി നിരക്കുകൾ 2003 ജൂൺ 4-ാം തീയതിയിലെ ജി. ഒ. (ആർടി.)1505/2003/തൊഴിൽ എന്ന നമ്പർ വിജ്ഞാപന പ്രകാരം പുതുക്കി നിശ്ചയിച്ചിരുന്നു. 1948-ലെ മിനിമം വേജസ് ആക്ടിന്റെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡികപ്രകാരം പ്രസ്തുത മേഖലയിലെ നിലവിലുള്ള കുറഞ്ഞ കൂലി നിരക്കുകൾ വീണ്ടും പുതുക്കി നിശ്ചയിക്കുന്നതിന് സർക്കാർ ഇപ്പോൾ തീരുമാനിച്ചിരിക്കുന്നു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2010.